# ഡോ. അരുൺ സേവ്യറിന് അഖിലേന്ത്യാ അവാർഡ്



കൊച്ചി > ഇന്ത്യൻ സൊസൈറ്റി ഓഫ് പീഡോഡോൺ ഡിക്സ് ആൻഡ് പ്രിവന്റീവ് ഡെന്റിസ്ട്രി ഏർപ്പെടുത്തിയിട്ടുള്ള 2017ലെ അഖിലേന്ത്യാ പുരസ്കാരത്തിന് ഡോ. അരുൺ എം സേവ്യർ അർഹനായി. പീഡിയാട്രിക് ഡെന്റിസ്ട്രിയിലെ ഗവേഷണങ്ങളും സമഗ്രസംഭാവനകളും വിലയിരുത്തിയാണ് ഈ അവാർഡ്. ചെന്നൈയിൽ നടന്ന 39-ാം നാഷണൽ കോൺഫറൻസിൽ അവാർഡ് ഏറ്റുവാങ്ങി. കൊച്ചിയിലെ അമൃത സ്കൂൾ ഓഫ് ഡെന്റിസ്ട്രിയിലെ ഡോക്ടറായ അരുൺ പല ദേശീയ-അന്തർദേശീയ ജേർണലുകളിലും ഗവേഷണലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2015ൽ സ്കോട്ട്ലാൻഡിൽ നടന്ന പീഡിയാട്രിക് ഡെന്റിസ്ട്രിയുടെ 25-ാം ഇന്റർനാഷണൽ കോൺഫറൻസിൽ ഇദ്ദേഹത്തിന്റെ പ്രബന്ധത്തിന് ഫസ്റ്റ് റണ്ണറപ്പ് അവാർഡ് ലഭിച്ചിരുന്നു. ആലുവ മാളിയേക്കൽ മാമച്ചൻ സേവ്യറിന്റെയും ഗ്രേസിക്കുട്ടിയുടെയും മകനാണ്.